


335

# സാംസ്കാരിക രാഷ്ട്രീയവും ആധുനിക ലോകവും

# സാംസ്കാരികരാഷ്ട്രീയവും ആധുനികലോകവും

335

പ്രസാ: പുരോഗമന കലാസാഹിത്യസംഘം
കോഴിക്കോട് ജില്ലാക്കമ്മററി
വില: മൂന്നു രൂപ

9392

സ്വതന്ത്രകമ്പോളത്തിന്റെ അത്യാർത്തിക്കുമുന്നിൽ ഇന്നലെവരെ മുട്ടുമടക്കാതിരുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ഭാഗികമായ പതനം വിപണിയുടെ അതിർത്തിരഹിതമായ വികാസത്തിന് അനുകൂലമായ സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. ഒരിക്കൽ പൊരുതുന്ന മനുഷ്യന്റെ പെരുവിരലറുത്ത് കമ്പോളമുറപ്പിച്ചവർ ഇന്ന് തിളങ്ങുന്ന മോതിരങ്ങളുമായിവന്ന് വിരലുകൾ പരതുകയാണ്. ഇപ്പോൾ കൊമ്പുള്ള കമ്പോളത്തിനും കൊലവിളിക്കുന്ന യജമാനനും പകരം തലയിൽ പൂവുള്ള കമ്പോളവും എപ്പോഴും ചിരിക്കുന്ന രക്ഷകർത്താവുമാണ് ലോകമാകെ നിറഞ്ഞുനിൽകുന്നത്.

നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ നിന്നും ദുരയുടെ പതാക പറക്കുമ്പോൾ സാമ്രാജ്യത്വവിരുദ്ധസമരത്തിലൂടെ നാം സ്വന്തമാക്കിയ മൂല്യങ്ങളാണ് പറന്നുപോകുന്നത്. സ്വാതന്ത്ര്യം ആരും ആർകും ദാനമായി കൊടുക്കുന്നതല്ലെന്നും അത് തീവ്രവും ഗാഢവുമായ പോരാട്ടത്തിലൂടെ നേടിയെടുക്കുന്നതാണെന്നുമുള്ള വിമോചനത്തിന്റെ പ്രാഥമികപാഠംപോലും ഇന്ന് കമ്പോളം നമ്മിൽ നിന്നും തട്ടിപ്പറിച്ചിരിക്കുന്നു. വിപണിയുടെ വായക്ക് വീതികൂടുമ്പോൾ ലാഭം കൂടുകയാണെന്നും സ്വാതന്ത്ര്യം കുറയുകയാണെന്നും അറിയേണ്ടവരെ പരസ്യത്തിന്റെ തിളക്കം കൊണ്ട് വഞ്ചിക്കുന്ന കലയാണ് കമ്പോളത്തിന്റെ ശാസ്ത്രം. ഏത് പ്രതിസന്ധിയും പരിഹരിക്കാൻ വിപണിക്കു കഴിയുമെന്ന വാദവും 'വിപണി' ആപത്തിൽ തുണക്കുന്ന ചങ്ങാതിയാണെന്ന മൂല്യബോധവും മനുഷ്യന്റെ നെഞ്ചിൽ മുതലാളിത്തം ഇറക്കിവെച്ച മനുഷ്യത്വവിരുദ്ധമായ തത്വശാസ്ത്രമാണ്.

'വിൽകാനുള്ള' അന്തരീക്ഷത്തിന് നിറംനൽകി അതിനെ ഉറപ്പിച്ചുനിർത്തുകയല്ല, 'ആവിഷ്കരിക്കാനുള്ള' അവസരങ്ങൾക്വേണ്ടി പൊരുതുന്നതിലാണ് 'സ്വാതന്ത്ര്യ'മെന്ന സത്യം ഒരിക്കലും വിപണിയുടെ സൈദ്ധാന്തികർക് സ്വീകാര്യമാവുകയില്ല. ചങ്ങാതിയായ കമ്പോളത്തെക്കുറിച്ച് വാചാലമാ

വുന്ന ലോകബേങ്കിൻെറ അധികാരികൾ മൂന്നാംലോകത്തിൽ പ്രത്യേകിച്ചും, മനുഷ്യവംശത്തോട് പൊതുവിലും കാട്ടുന്ന ചതിക്ക് ചന്തം ചാർത്തുന്ന ജോലിയാണ് ഉപഭോഗസംസ്കാരത്തിനുള്ളത്. എന്തും ഒരു സ്വകാര്യകമ്പനിയെ ഏൽപിച്ചാൽ 'ലാഭ'മാവുമെന്നും അവർ ഉറപ്പുനൽകുന്നു. നിങ്ങളുടെ ജീവിതം പ്രതിസന്ധിയിലാണോ, ഒട്ടും ഭയക്കേണ്ട, അതൊരു സ്വകാര്യക്കമ്പനിയെ ഏൽപിച്ചാൽ മതി. അവരത് നേരെയാക്കിത്തരും എന്നത്രേ അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്! കൂട്ടായ്മയുടെ കരുത്തും മധുരവും തുളുമ്പിനിൽകുന്ന ജീവിതത്തിൻെറ മുമ്പിൽ നിന്നുകൊണ്ട് 'വിപണി' വക്താക്കൾ വിളിച്ചുപറയുന്നത് ജീവിതം ഒരു വ്യക്തിഗതസംരംഭമാണെന്നും അതിന് രക്ഷവേണമെങ്കിൽ 'കമ്പോള'ത്തിന് മുമ്പിൽ കൈകൂപ്പി നിൽകണമെന്നുമാണ്. 'ആധുനികകമ്പോള ദേവൻെറ' കാൽകീഴിൽ മനുഷ്യവർഗത്തെ മുഴുവൻ കുനിച്ചുനിർത്തി മൂലധനമൂർത്തികൾ സ്വാതന്ത്ര്യസിദ്ധാന്തങ്ങൾ ജീവിതത്തിലുടനീളം വാരിവിതറുന്നു. മനുഷ്യൻെറ പ്രിയപ്പെട്ട സ്വപ്നങ്ങളെപ്പോലും വിറ്റ് കാശാക്കുന്ന, അവനെ, മാനംകെടുത്തുന്നവരാണ് സ്വാതന്ത്ര്യത്തിൻെറ സേവകരായി ഇന്ന് സ്വയം പരസ്യപ്പെടുത്തുന്നത്.- ആയിരക്കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന സാമൂഹ്യപ്രയോഗത്തിൻെറ ഭാഗമായാണ് 'ജന്തുമനുഷ്യൻ' മനുഷ്യജന്തുവായി മാറിയതെന്ന സത്യത്തിൻെറ ഹൃദയത്തിലാണ് സാമ്രാജ്യത്വവും മുതലാളിത്തവും ഇന്ന് കഠാരയിറക്കുന്നത്. ഒരാൾക് ജയിക്കണമെങ്കിൽ മറ്റൊരാൾ തോൽകണമെന്നതും ശവപ്പെട്ടിക്കാരൻെറ വീട്ടിലെ കുട്ടികൾ ചിരിക്കണമെങ്കിൽ അയൽവീട്ടിലെ കുട്ടികൾ കൂട്ടത്തോടെ മരിക്കണമെന്നതും മുതലാളിത്തവിപണിയുടെ സാധാരണ നിയമമാണ്. മനുഷ്യവംശത്തിൻെറ ചൈതന്യം മുഴുവൻ വലിച്ചൂറ്റുന്ന വിപണിയുടെ ആക്രമണം സാമ്രാജ്യത്വത്തിൻെറ ആസുരതയുടെ ആവിഷ്കാരമത്രേ. ലോകത്തെങ്ങും നിഴൽ വീഴ്ത്തിയിട്ടുള്ള മാരകമായ വിപണിവിപത്ത് മനുഷ്യനെ, വാങ്ങുകയും വിൽകുകയും

ചെയ്യാൻമാത്രം ജീവിക്കുന്ന ഒരു ജന്തുവാക്കി മാറ്റിയിരിക്കുന്നു. ഫോർഡ് ഫൗണ്ടേഷനിൽ നിന്ന് ചിന്തയും ഹോളിവുഡിൽ നിന്ന് സ്വപ്നവും കമ്പോളത്തിൽ നിന്ന് സ്വാസ്ഥ്യവും കിട്ടുമെന്ന് ഉറപ്പുപറയുന്നവരെ മനുഷ്യനെ ചന്തപ്പറമ്പിലെ പൊടിപുരണ്ട ചരക്കായി മാത്രം കാണുന്നവരെന്നേ പറയാനാവൂ. മനുഷ്യൻെറ ആവശ്യങ്ങളെ കപടകമ്പോളതന്ത്രത്തിലൂടെ അനന്തമാക്കി ജീവിതത്തെ ഒരു 'കമ്പോളയാത്രയാക്കി മാറ്റുന്നതിന്നെതിരെയുള്ള ചെറുത്തുനിൽപിന് ഇന്നത്തെ ലോകസാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട്. ഇന്ന് സാമ്രാജ്യത്വം നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നത് വിദൂരത്ത് നിന്ന് എത്തുന്ന ഏതെങ്കിലും ശത്രുവിൻെറ രൂപത്തിലല്ല — ഇപ്പോളത് ഏറ്റവുമടുത്ത സുഹൃത്തിൻെറ വേഷത്തിൽ നമുക്കൊപ്പം തോളിൽ കൈവെച്ച് നടക്കുകയാണ്.

പരമദരിദ്രമായ രാജ്യത്തിലെ പൗരനെപ്പോലും ലക്ഷ്വറി സോപ്പ് നൽകി കുളിപ്പിച്ചും വർണപ്പകിട്ടുള്ള ടൂത്ത്പേസ്റ്റ് നൽകി പല്ല്തേപ്പിച്ചും അനാവശ്യമരുന്നുകൾ കുടിപ്പിച്ചും പൊങ്ങച്ചത്തിൻെറ തടവുകാരനാക്കി വികസിക്കുന്ന ചൂഷണത്തിൻെറ അനന്തരൂപങ്ങളാണ് ബഹുരാഷ്ട്രകുത്തക കമ്പനികളുടെ വ്യാപനത്തിലൂടെ ദൃശ്യമാകുന്നത്. എപ്പോഴും സഹായധനത്തിൻെറയും വായ്പയുടെയും പശിമയുള്ള വലക്കണ്ണികളിൽ വന്നുവീഴുന്ന ഇരകളെ ഞെരിച്ചമർത്താൻ തക്കം പാർത്ത് ഇവ കഴിയുകയാണ്.

മൂന്നാം ലോകരാജ്യങ്ങളിലെ ജനതയെയും പ്രകൃതിവിഭവങ്ങളെയും തങ്ങളുടെ ലാഭക്കൊതിക്ക് കീഴ്പെടുത്താൻ സഹായിക്കുന്ന ഈ സാമ്പത്തികസ്ഥാപനങ്ങളെയും അവയുടെ മേലാളന്മാരെയും തീറ്റിപ്പോറ്റാൻ സാമ്രാജ്യത്വം ചെലവാക്കുന്ന ഭീമമായ തുകയുടെ കണക്ക് ആരെയും അമ്പരപ്പിക്കും. ലോകബേങ്ക് പ്രസിഡണ്ടിൻെറ ശമ്പളത്തിൽ ഈയിടെ വരുത്തിയ വർധന പ്രതിമാസം അയ്യായിരം ഡോളറിൻേറതാണ്. (മാസംതോറും ഒരുലക്ഷത്തി മുപ്പതിനായിരം രൂപയുടെ

വർധന) മൂന്നാം ലോകരാജ്യങ്ങളിൽ നിന്നൂറ്റിയെടുക്കുന്ന ലാഭത്തിൻെറ വിഹിതമായി ഇന്ന് ലോകബേങ്കിൻെറ പ്രസിഡണ്ടിന് കിട്ടുന്ന വരുമാനം രണ്ടുലക്ഷത്തി എൺപത്തയ്യായിരം ഡോളറാണ്. (ഒരുദിവസത്തേക്ക് ഇരുപതിനായിരത്തി മൂന്നുറ്റൊന്ന് രൂപ) ഏതൊരാളുടെയും കണ്ണഞ്ചിപ്പിക്കുന്ന ഈ സ്വർണവല മുറിച്ചുകടന്ന് ലോകബേങ്ക് — ഐഎംഎഫ് ഇരട്ടകളുടെ ചൂഷണത്തിൻെറയും തട്ടിപ്പിൻെറയും കഥകൾ ലോകത്തിന് മുമ്പാകെ തുറന്നുപറഞ്ഞുകൊണ്ട് ഐഎംഎഫിൽ നിന്ന് രാജിവെച്ചിറങ്ങിപ്പോയ ഡേവിസൺ എൽ ബുധു ഈ സ്വാതന്ത്ര്യലോകത്തിൻെറ ഇരുണ്ടമുഖം നമുക്കുമുന്നിൽ തുറന്നുവെക്കുന്നു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽനിന്ന് പ്രശസ്തവിജയം നേടി ലോകബേങ്കിൽ ചേർന്ന ഗ്രനഡക്കാരനായ ഡേവിസൺ എൽ ബുധു പന്ത്രണ്ട്വർഷക്കാലം ഐഎംഎഫിൽ ഉന്നതോദ്യോഗം വഹിച്ചശേഷം 1988ൽ അതിൻെറ പ്രസിഡണ്ട് കാംഡസസിനയച്ച 115പേജുള്ള ഹൃദയസ്പർശിയായ കത്തിൻെറ തുടക്കമിങ്ങനെയാണ്.

"ശ്രീമാൻ കാംഡസസ്, ലാറ്റിനമേരിക്കയിലെയും കരീബിയയിലെയും ഗവർമെണ്ടുകൾകും ജനതക്കും മുമ്പാകെ നിങ്ങളുടെ കുറിപ്പടി മരുന്നുകളും സൂത്രവിദ്യയുടെ പെട്ടികളുമായി പന്ത്രണ്ട്വർഷത്തിലേറെക്കാലത്തെ പ്രവർത്തനം നടത്തിയ ഞാൻ ആയിരം ദിവസത്തെ ഔദ്യോഗിക ഫീൽഡ്വർകിന് ശേഷം ഇന്ന് ഐഎംഎഫിൽ നിന്നും രാജിവെച്ചിരിക്കുന്നു.

"എന്നെ സംബന്ധിച്ചിടത്തോളം ഈ രാജി വിലമതിക്കാനാവാത്ത ഒരു വിമോചനമാണ്. ഇതോടെ ദശലക്ഷക്കണക്കിന് ദരിദ്രരും പട്ടിണിക്കാരുമായ ജനങ്ങളുടെ ചോരപുരണ്ടതെന്ന് ഞാൻ കരുതുന്ന ഈ കൈകൾ കഴുകിവൃത്തിയാക്കാനാവുന്ന ഏതെങ്കിലുമൊരിടത്തേക്കുള്ള ഒരു ചുവടുവെക്കാൻ ഇതിലൂടെ എനിക്ക് കഴിയും. ശ്രീമാൻ കാംഡസസ്, ഈ ര

ക്തമേറെയുണ്ട്. അത് നദികളായൊഴുകുകതന്നെയാണ്. പിന്നെ വരണ്ടു ണങ്ങുകയാണ്. ഇപ്പോൾ എൻെറ ശരീരമാകെ അത് ഒട്ടിപ്പിടിക്കുന്നു. താങ്കളുടെയും താങ്കളുടെ മുൻഗാമികളുടെയും പേരിൽ, താങ്കളുടെ ഔദ്യോഗികമുദ്ര പ്രകാരം ഞാൻ ചെയ്ത കാര്യങ്ങളിൽ നിന്ന് എന്നെ ശുദ്ധീകരിക്കാൻ മാത്രം അലക്കുകാരം ഈ ലോകത്തൊരിടത്തുമില്ലെന്ന് എനിക്ക് തോന്നുന്നു.'

അടുത്തയിടെ, സാമ്രാജ്യത്വത്തിൻെറ മനഃസാക്ഷിസൂക്ഷിപ്പുകാരിയായ കാർലാ ഹിൽസിൻെറ ചിരിതൂകുന്ന മുഖവുമായി പുറത്തിറങ്ങിയ പത്രങ്ങൾ ചൂണ്ടിക്കാട്ടുന്നത് ഇന്ത്യ അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ വ്യാപാരസംബന്ധിയായ കണ്ണുരുട്ടൽ കണ്ട് പടിപടിയായി കീഴ്പെടാൻ തുടങ്ങുന്നുവെന്നാണ്. യുദ്ധഭ്രാന്തും ലൈംഗികരാജകത്വവും വാരിവിതറുന്ന അമേരിക്കൻ ചലച്ചിത്രങ്ങൾക് യഥേഷ്ടം ഇന്ത്യൻ വിപണി കണ്ടെത്തുന്നതിനും അമേരിക്കൻ മൂലധനത്തിന് സ്വതന്ത്രമായി ഇന്ത്യയിലേക്ക് കടന്നുവരുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന്, ബൗദ്ധികസ്വത്തവകാശത്തെ സംബന്ധിച്ച് കർശനവ്യവസ്ഥകളുണ്ടാക്കണെമെന്നും ഒരു സ്വതന്ത്രപരമാധികാര രാഷ്ട്രമായ ഇന്ത്യയോട് അതിൻെറ നിയമനിർമ്മാണസഭ പാസ്സാക്കിയ പേറ്റൻറ്നിയമം ഭേദഗതിചെയ്യണമെന്നുമാണ് അമേരിക്കൻ സാമ്രാജ്യത്വം ആവശ്യപ്പെടുന്നത്. ബഹുരാഷ്ട്രകുത്തക കമ്പനികൾ മൂന്നാംലോക രാജ്യങ്ങളിൽ നിന്ന് പ്രാഥമിക വിഭവങ്ങൾക്കൊപ്പം കൊള്ളയടിച്ചു കൊണ്ടുപോകുന്ന ബൗദ്ധികസമ്പത്താണ് സാമ്രാജ്യത്വത്തിൻെറ സാങ്കേതികവികാസത്തിൻെറയും കണ്ടുപിടുത്തത്തിൻെറയും അടിത്തറ. ലാഭം നഷ്ടപ്പെടാനിടയുള്ള എല്ലാ കണ്ടുപിടുത്തങ്ങളുടെയും തല ചതക്കുകയും വ്യവസ്ഥയെ അലോസരപ്പെടുത്തുന്ന എല്ലാ കലാരചനകളുടെയും വിമോചനമൂല്യം ചോർത്തുകയും ചെയ്യുന്ന സാമ്രാജ്യത്വമാണ് ഇപ്പോൾ സ്വാതന്ത്ര്യത്തിൻെറ സംരക്ഷകരായി ഉറഞ്ഞുതുള്ളുന്ന

ത്.

കലാപത്തെയും ജനങ്ങളുടെ വ്യഥകളെയും വിനോദവ്യവസായത്തിൻെറ ഭാഗമാക്കുന്ന സാമ്രാജ്യത്വം ഇന്ന് മുന്നോട്ട് വെച്ചിരിക്കുന്നത് 'സൈനികക്ഷേമരാഷ്ട്രമെന്ന' നടുക്കുന്ന 'രാഷ്ട്രീയനിലപാടാണ്. തലക്ക് മുകളിലെ ആകാശത്തെപ്പോലും ആയുധപ്പുരയാക്കുന്നവർ, സമാധാന ഉടമ്പടികളിൽ ഒപ്പുവെക്കുമ്പോഴും ഓവർടൈം നൽകികൊണ്ട് ആയുധഉൽപാദനം നടത്തുന്നവർ ആൻറിബയോട്ടിക്കുകൾക് കൊല്ലാൻ കഴിയാത്ത പ്ലേഗ് പരത്തുന്ന പാസ്ചുറല്ല പെസ്റ്റിസ് എന്ന രോഗാണുവിനെ കൊറിയയിലേക്ക് തുറന്നുവിട്ടവർ, ഏജൻറ് ഓറഞ്ച് എന്ന വിഷവാതകം ഉപയോഗിച്ച് വിയറ്റ്നാമിലെ സമരധീരരെ കശാപ്പ്ചെയ്തവർ, ഗൾഫ്യുദ്ധകാലത്ത് എല്ലാ അന്താരാഷ്ട്രമര്യാദകളെയും കാറ്റിൽപറത്തി ആറായിരത്തിലേറെ ഇറാഖ് പട്ടാളക്കാരെ ജീവഭനാടെ മണ്ണിന്നടിയിലിട്ട് ഞെരിഞ്ഞായി കൊന്നവർ, ഹിരോഷിമയുടെയും നാഗസാക്കിയുടെയും അനുഭവപാഠങ്ങൾ അവഗണിച്ചുകൊണ്ട് മൂന്നാം ലോകരാജ്യങ്ങളിൽ നിന്ന് തങ്ങൾക്നേരെ ആണവഭീഷണിയുണ്ടെന്ന അസംബന്ധം അവതരിപ്പിച്ച് മരണവ്യവസായം തുടരാൻ ന്യായങ്ങൾ നിർമിക്കുന്നവർ, മാലാഖ ചമഞ്ഞ് മനുഷ്യാവകാശങ്ങളുടെ രക്ഷാധികാരികളായി സ്വയം പ്രഖ്യാപിക്കുമ്പോൾ മാനവികബോധത്തിൻെറ കനലുകൾ അണഞ്ഞുതീരാത്ത മനസ്സിൻെറ ഉടമകളേ നിങ്ങൾക് മൗനം പാലിക്കാനാവുമോ? സമാധാനത്തെ ജീവന്തുല്യം സ്നേഹിക്കേണ്ട ഒരു കാലത്ത് നക്ഷത്രയുദ്ധങ്ങൾകും കവലച്ചട്ടമ്പിത്തരത്തിനും നിറവും ചന്തവും നൽകുന്ന, വിമോചനസംരംഭങ്ങളെ അപഹസിക്കുന്ന 'ഫസ്റ്റ് ബ്ളഡും, റെഡ്സണും സ്റ്റാർവാർസും പോലുള്ള സിനിമകളെ നിരുപദ്രവകരമെന്ന് കരുതി 'മാറ്റിവെക്കാനാവുമോ? കീടനാശിനികൾ ഉൽപാദിപ്പിക്കുന്ന ബഹുരാഷ്ട്രകുത്തകകളായ ഡോവും ഷെല്ലും കാർബൈഡും മൂന്നാം ലോകരാജ്യങ്ങളിലെ മനുഷ്യരോട് കീടങ്ങളോടെന്നപോ

ലെ പെരുമാറുമ്പോൾ 1976ലെ ലെവ്കനാൽ ദുരന്തത്തിന്റെ ഇരുണ്ട ഓർമകൾക്ക് ജീവൻനൽകി യു എസ്എയിൽ നിരോധിക്കപ്പെട്ട ബിഎച്ച്സി മൂന്നാംലോകരാജ്യങ്ങളിൽ വിജയപര്യടനം തുടരുമ്പോൾ, സോഷ്യലിസത്തിന്റെ തകർച്ചക ണ്ട് തുള്ളിച്ചാടുന്നവർ അറിയാതെ കൊത്തിമുറിക്കുന്നത്, വിറച്ചുകൊണ്ടാണെങ്കിലും നിൽകാനുള്ള സ്വന്തം കാലുകളാണെന്ന സത്യം നമ്മൾ ഓർമിക്കേണ്ടതുണ്ട്. നമ്മുടെ പ്രിയപ്പെട്ട ജീവിതത്തെ സാമ്രാജ്യത്വത്തിന്റെ വൃത്തികെട്ട വിപണിയാക്കി മാറ്റാനവർ ശ്രമിക്കുമ്പോൾ, നമ്മുടെ വിലപ്പെട്ട സമ്പത്ത് കൊള്ളയടിച്ച് അവർ കൊണ്ടുപോകുമ്പോൾ, കയ്യുംകെട്ടി നോക്കിനിൽകുന്നത് സ്വാതന്ത്ര്യവും ജനാധിപത്യവുമല്ല. കൊള്ളക്കാരൻ തന്റെ കൊള്ളമുതലിൽ നിന്ന് എറിഞ്ഞുകൊടുക്കുന്ന നാണയങ്ങൾക്ക്വേണ്ടി പരസ്പരം കുത്തുകയും ചവിട്ടുകയും ചെയ്യുന്ന അവസ്ഥയിലേക്ക് ആത്മബോധമുള്ള മനുഷ്യരാരും അധഃപതിച്ചുകൂട. സാമ്രാജ്യത്വ താൽപര്യങ്ങൾ ലോകമാസകലം വാരിവിതറുന്ന റോക്ഫെല്ലർ, ഫോർഡ്, റാൻഡം, ഹെറിറ്റേജ്, ഫാർഫീൽഡ് ഫൗണ്ടേഷനുകളാണ് പുതിയ മിത്തുകളും പുതിയ ആശയങ്ങളും, നവലോകക്രമവും നിർമിക്കുന്നത്. മൂന്നാംലോകരാജ്യങ്ങളുടെ ഗ്രാമീണവികസനത്തിന്റെ മണ്ഡലംമുതൽ സ്വപ്നങ്ങളുടെ ലോകത്തിലേക്ക് വരെ ഫൗണ്ടേഷനുകളുടെയും സിഐഎയുടെയും ചൊറിയൻ കൈകൾ കടന്നെത്തിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും കമ്പോളവ്യവസ്ഥയുടെ ഭരണത്തിന് കീഴ്പെടുത്താനുള്ള ആസൂത്രിതനീക്കം സാമ്രാജ്യത്വത്തിന്റെ ആവിർഭാവത്തോടൊപ്പം ആരംഭിച്ചതാണ്. ഏകലോകവാദവും (കോസ്മോപോളിറ്റനിസം) ചെറുകിട രാഷ്ട്രസിദ്ധാന്തവും ഉൾപ്പെടെ പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമെന്ന് തോന്നിപ്പിക്കുന്ന നിരവധി രാഷ്ട്രീയ നീക്കങ്ങളിലൂടെ സാമ്രാജ്യത്വം ഇന്ന് മുന്നോട്ട് കുതിക്കുകയാണ്! മൂന്നാംലോകരാജ്യങ്ങളുടെ സാംസ്കാരികതനിമ തകർത്ത് സാമ്രാജ്യത്വത്തി

ൻെറ പൂർണമായ കടന്നുവരവിനെ സഹായിക്കുന്ന വാതിൽ തുറ നയത്തിനുവേണ്ടിയാണ് അവരിന്ന് ലോകവ്യാപകമായി ദരിദ്രരാജ്യങ്ങളുടെമേൽ സമ്മർദം ചെലുത്തികൊണ്ടിരിക്കുന്നത്. അമേരിക്കൻ പ്രസിഡണ്ടായിരുന്ന കെന്നഡിയും ലോകബേങ്കിൻെറ മുൻമേധാവി യുജിൻബ്ളേക്കും അർഥശങ്കക്കിടയില്ലാത്തവിധം തങ്ങ സഹായം നൽകുന്നത് തങ്ങളുടെ വ്യവസായത്തിൻെറ വളർചക്ക്വേണ്ടിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൂന്നാംലോകരാജ്യങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥക്ക് കാരണം സാംസ്കാരികമാണെന്നും അത് പരിഹരിക്കാൻ പാശ്ചാത്യമാതൃക സ്വീകരിക്കണമെന്നും അവർ ഒരു ഭാഗത്തുനിന്നുകൊണ്ട് നമ്മോടാജ്ഞാപിക്കുന്നു. മറുഭാഗത്തു നിന്നുകൊണ്ട് തീവ്രവും സങ്കുചിതവുമായ തനിമാവാദങ്ങളെ വളർത്തി വിഘടനപ്രവർത്തനങ്ങൾക് ഊക്ക് കൊടുക്കുന്നതും ഇതേ സാമ്രാജ്യത്വമാണ്! യാതനാപൂർണമായ സാമ്രാജ്യത്വവിരുദ്ധസമരത്തിലൂടെ നേടിയ ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ വിഘടനവാദത്തിലൂടെ തകർകുന്നവർക് പണവും ആജ്ഞകളും നൽകുന്നത് ആരാണെന്നകാര്യം ഇന്നൊരു രഹസ്യമേയല്ല.

## അറവുകാരൻെറ ചിരി

അമേരിക്കയിലെ ലാംഗ്ലി എന്നിടത്ത് ആയിരക്കണക്കിന് ഏക്രസ്ഥലത്ത് പടർന്ന്കിടക്കുന്ന സിഐഎയുടെ മുഖ്യകവാടത്തിൽകൊത്തിവെച്ചിട്ടുള്ളത് ബൈബിളിലെ ഈ വാക്കുകളാണ്. ' നീ സത്യം കണ്ടെത്തും സത്യം നിന്നെ സ്വതന്ത്രനാക്കും'. വഞ്ചനയും കുതികാൽ വെട്ടും കുലത്തൊഴിലാക്കിയ സിഐഎയുടെ കഴുകൻകണ്ണുകൾ കടന്നുചെല്ലാത്ത ഏത് കുപ്പക്കുഴിയാണ് ഈ ഭൂമുഖത്തുള്ളത്? സിഐഎയുടെ ലോകത്തിൽ ജനാധിപത്യപ്രസ്ഥാനങ്ങളുടെ ചോരപുരളാത്ത ഒരിഞ്ച് സ്ഥലമെങ്കിലുമുണ്ടോ? ജനാധിപത്യത്തിൻെറ കരൾ കുത്തിത്തുരന്നുകൊണ്ടും സ്വാതന്ത്ര്യത്തിൻെറ ഹൃദയം

പറിച്ചെടുത്തുകൊണ്ടും സിഐഎ തുടരുന്ന അഴിഞ്ഞാട്ടങ്ങൾക്ക് ആദർശത്തിന്റെ നിറംകൊടുക്കാനും ഇടതുപക്ഷ പ്രസ്ഥാനങ്ങളെ അപഹസിക്കാനും, സിഐഎയുടെ ജനാധിപത്യബോധമെന്തെന്ന് സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയ കേരളീയരുടെ മുമ്പിൽ പോലും അതിന്റെ ഭീകരതയെ കുറച്ചുകാണാനും നടത്തുന്ന ശ്രമങ്ങൾ ആരെ സഹായിക്കാനാണ്? 1954ൽ ഗ്വാട്ടിമാലയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന കേണൽ യാക്കോബോ അർബെൻസിനെ അട്ടിമറിച്ചവർ, 1957ൽ കേരളത്തിലെ കമ്യൂണിസ്റ്റ് മന്ത്രിസഭയെ അട്ടിമറിക്കാൻ ജാതിമതശക്തികൾക്ക് ലക്ഷങ്ങൾ കൊടുത്തവർ, ഇപ്പോഴും ജനാധിപത്യത്തെക്കുറിച്ച് ആരെയാണ് പഠിപ്പിക്കാൻ നോക്കുന്നത്? പഴക്കമ്പനിയുടെ മറവിൽ ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ സൈന്യത്തെ ഇറക്കിയവർ, ഏകാധിപതികളായ പട്ടാളമേധാവികൾക്കും, ദക്ഷിണാഫ്രിക്കയിലെ വർണവെറിയൻ ഭരണകൂടത്തിനും സകലസഹായങ്ങളും നൽകുന്നവരുടെ വിജയം ജനാധിപത്യത്തിന്റെ വിജയമാണെന്ന് വിളിച്ചുപറയുന്നത് ആർക്ക്വേണ്ടിയാണ്? മൂന്നാംലോകത്തെ നിർദയം ചവിട്ടുന്ന സാമ്രാജ്യത്വത്തിന്റെ കാലു വെട്ടാൻ കയ്യുയർത്തേണ്ടവരെ അവർക്ക്വേണ്ടി വാലിളക്കുന്നവരാക്കി മാറ്റിത്തീർക്കുകയാണ് മാധ്യമലോകം. റോക്ഫെല്ലർ ഫൗണ്ടേഷനും റാൻഡ് ഫൗണ്ടേഷനും ഹെറിറ്റേജ് ഫൗണ്ടേഷനും ആശയമണ്ഡലത്തിലും ഗവേഷകമണ്ഡലത്തിലും ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ജീവകാരുണ്യമെന്നത് സാമ്രാജ്യത്വതാൽപര്യങ്ങൾ തിളച്ചുമറിയുന്ന ഫൗണ്ടേഷനുകളെ സംബന്ധിച്ചിടത്തോളം അടിച്ചമർത്തലിന്റെ ഏറ്റവും അ യവും മൂർച്ചയുമുള്ള ആയുധമാണ്. അവരുടെ സഹായത്തിന് പിറകിൽ ചരടുകളല്ല, മറിച്ച് കഴുത്തരിയുന്ന കത്തിതന്നെയാണുള്ളത്. മൂന്നാം ലോകരാജ്യത്തിലെ ഗ്രാമീണവികസനം എങ്ങനെ നടക്കണമെന്നത് മുതൽ വിദ്യാഭ്യാസം ഏത്രീതിയിൽ നിർവഹിക്കപ്പെടണമെന്നുവരെ അവരാണ് തീരുമാനി

ക്കുന്നത്. മൂന്നാം ലോകരാജ്യങ്ങളിൽ ആളിപ്പടർന്ന കർഷക പ്രക്ഷോഭങ്ങളെ തകർക്കുകയും സാംസ്കാരിക സാമ്രാജ്യത്വം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ഹരിതവിപ്ലവം ലോകമാസകലം 1950കളിൽ കടന്നുവന്നത്. അതുവഴി ലാഭം കൊയ്തത് വിത്തും വളവും കീടനാശിനിയും സ്പ്രെയറും ടില്ലറും നൽകാനെത്തിയ ബഹുരാഷ്ട്ര കുത്തകക്കമ്പനികളും!

## അവരുടെ സ്വാതന്ത്ര്യബോധം

സ്വാതന്ത്ര്യമെന്നത് 'കൂലി അടിമത്വത്തിൽ നിന്നുള്ള മോചനമാണ്. അധ്വാനം അടിച്ചേൽപിക്കപ്പെടുന്ന ഒരു സമുദായത്തിലും 'സ്വാതന്ത്ര്യം' നിലനിൽക്കുന്നില്ല. അധ്വാനം ഒരാന്തരിക ആവശ്യമായി മാറുമ്പോൾ അതൊരാഹ്ളാദമായി തീരും. അപ്പോൾ മാത്രമാണ് ശരിയായ സ്വാതന്ത്ര്യം ഒരു ജനത ആസ്വദിക്കുന്നത്. അതുവരെയും നിലനിൽകുന്ന 'സ്വാതന്ത്ര്യം' പരിമിതികളുള്ള സ്വാതന്ത്ര്യമാണ്. മുതലാളിത്തം ഈ സത്യം പൂഴ്ത്തിവെക്കുന്നു. മാർക്സിസമാകട്ടെ ഇത് വിളിച്ചുപറയുന്നു. മുതലാളിത്തവും സാമ്രാജ്യത്വവും 'സ്വാതന്ത്ര്യത്തെ' കേവലമായി വാക്കുകളിൽ കൊണ്ടാടുകയും പ്രയോഗത്തിലതിനെ ചൂഷകരുടെ 'സ്വകാര്യസ്വത്താക്കി' ചുരുക്കുകയും ചെയ്യുന്നു. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ ഒരു വർഗസമൂഹത്തിൽ കേവലമായ സ്വാതന്ത്ര്യം നിലനിൽകുമെന്ന നഴ്സറി ചിന്തകളിൽ കൗതുകം കൊള്ളുന്നില്ല. പെരുവിരലറ്റു വീണ ഏകലവ്യന്മാരുടെ ചേരവീണ മണ്ണിൽ നിന്നുകൊണ്ട് കേവല സ്വാതന്ത്ര്യത്തെക്കുറിച്ച് കോലാഹലം കൂട്ടുന്നതിന്റെ കോമാളിത്തം തിരിച്ചറിയാത്തവർ ഒരുനാളും സ്വതന്ത്രരാവുകയില്ല. മുതലാളിത്ത, സാമ്രാജ്യത്വരാഷ്ട്രങ്ങളിൽ മനുഷ്യനെന്നത് കമ്പോളമൂല്യമുള്ള കാലത്തോളം മാത്രം തിളങ്ങുന്ന ഒരു ചരക്ക് മാത്രമാണ്. സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു അവരെ സംബന്ധിച്ചിടത്തോളം സ്വപ്നം മാത്രമാണ്. സ്വാത

ന്ത്ര്യത്തിന്റെ സ്വർഗഭൂമിയായി സാമ്രാജ്യത്വമാധ്യമങ്ങൾ അവതരിപ്പിക്കുന്ന അമേരിക്കയിൽ മനോരോഗികളുടെ എണ്ണം ദിനംപ്രതി കൂടിക്കൊണ്ടിരിക്കുകയാണ്. മനഃശാസ്ത്രം പ്രകടമായും രാഷ്ട്രീയവൽകരിക്കപ്പെട്ട പ്രസ്തുതരാജ്യത്ത് നഗ്നമായ മനഃശാസ്ത്രമർദനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ബൂട്ട് ചെറുതാണെങ്കിൽ നിങ്ങളുടെ കാലിന് കുഴപ്പമുണ്ടെന്നും ഡോക്ടർക് എല്ലാം അറിയുമെന്നും വ്യക്തിഗതമായ കുറ്റങ്ങൾ ആത്യന്തികമായി വ്യക്തിയുടെ മാത്രം പ്രശ്നമാണെന്നുമുള്ള സംഘടിതമായ ആശയപ്രചാരണത്തിന് ഇന്നവിടെ ശക്തി വർധിച്ചിരിക്കുന്നു. ടി സാസ് എന്ന മനഃശാസ്ത്രജ്ഞൻ വിവരിക്കുന്ന രോഗശമനഭരണകൂടമെന്ന (Therapeutic state) വിചിത്രമായ പദം സൂചിപ്പിക്കുന്നത് മനഃശാസ്ത്രകേന്ദ്രങ്ങളും പൊലീസ്സ്റ്റേഷനും തമ്മിലുള്ള നേരിട്ടുള്ള ബന്ധത്തെയാണ്. ഇത്തരമൊരവസ്ഥ നിലനിൽകുന്ന സമുദായത്തെ സ്വാതന്ത്ര്യസമുദായം എന്ന് വിശേഷിപ്പിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ തികഞ്ഞ അസംബന്ധമാണ്.

സോഷ്യലിസ്റ്റ് തത്വം മുന്നോട്ട് വെച്ച സ്വാതന്ത്ര്യസമീപനത്തിന് വിരുദ്ധമായി സോവിയറ്റ് യൂനിയനിലെയും കിഴക്കൻ യൂറോപ്പിലെയും സോഷ്യലിസ്റ്റ് ഭരണകൂടങ്ങൾ പെരുമാറിയിട്ടുണ്ട്. ആശയസമരത്തിന്റെ മണ്ഡലത്തിലേക്ക് ഏകപക്ഷീയമായി കടന്നുവന്ന അധികാരം സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ നേട്ടങ്ങൾക് മുകളിൽ ഒരു കറുത്ത നിഴൽ വീഴ്ത്തിയിരിക്കുന്നു. ആശയത്തിന്റെ മണ്ഡലത്തിൽ മർദനത്തിന്റെ മുതലാളിത്ത മാർഗമല്ല വിമർശനത്തിന്റെ സോഷ്യലിസ്റ്റ് വഴിയാണ് സ്വീകരിക്കേണ്ടത്.

മാർക്സിസം ലെനിനിസത്തെ വികസിപ്പിക്കുന്നതിൽ മഹത്തായ സംഭാവന നൽകിയ മാവോസെതൂങ്ങ് എഴുതി. "ബൂർഷ്വാസിയും പെറ്റി ബൂർഷ്വാസിയും സ്വന്തം ആശയസംഹിതകൾ അനിവാര്യമായും പ്രകടിപ്പിക്കുമെന്നത് തീർചയാണ്. എല്ലാ മാർഗങ്ങളുമുപയോഗിച്ച് രാഷ്ട്രീയവും പ്ര

ത്ര്യയശാസ്ത്രപരവുമായ പ്രശ്നങ്ങളിൽ തങ്ങളുടെ സ്വന്തം അഭിപ്രായങ്ങൾ സ്വാഭാവികമായും അവർ വീറോടെ പ്രകാശിപ്പിക്കുമെന്നതും തീർച്ചയാണ്. ഇപ്രകാരമല്ലാതെ മറ്റത്തരത്തിൽ അവർ ചെയ്യുമെന്ന് പ്രതീക്ഷിക്കാൻ യാതൊരു വഴിയും ഇല്ല. എങ്കിലും നാം അടിച്ചമർത്തൽ മാർഗമുപയോഗിക്കുകയും അവരുടെ ഇത്തരം അഭിപ്രായപ്രകടനങ്ങളെ തടയുകയും ചെയ്യരുത്. പകരം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ നാമവരെ അനുവദിക്കേണ്ടതും അവരുമായി വാദപ്രതിവാദങ്ങളിലേർപെടേണ്ടതും അവർക്ക്നേരെ ഉചിതമായ വിമർശനങ്ങളഴിച്ചുവിടേണ്ടതുമാണ്. ഏത് തരത്തിലുള്ള തെറ്റായ ആശയങ്ങളേയും നാം നിസ്സംശയം വിമർശിച്ചേ തീരൂ. (ജനങ്ങൾകിടയിലെ വൈരുധ്യങ്ങൾ — 1957 ഫെബ്രുവരി) ഇക്കാര്യത്തിൽ മുൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക് സംഭവിച്ച വീഴ്ച ഒട്ടും ചെറുതല്ല. അത് പക്ഷേ മുതലാളിത്ത സാമ്രാജ്യത്വരാജ്യങ്ങളിൽ ഇല്ലാത്ത സ്വാതന്ത്ര്യം ചിലർ കരുതുന്നതുപോലെ ഉണ്ടെന്നുള്ളതിൻെറ തെളിവല്ല.

മനുഷ്യവിമോചനത്തെക്കുറിച്ചുള്ള ഉദാത്തമായ സ്വപ്നങ്ങൾക്കുടമകളായ കുറ്റത്തിന് നിരന്തരമായി വേട്ടയാടപ്പെട്ട വിപ്ലവകാരികളുടെ അനുഭവങ്ങൾ മുതലാളിത്തത്തിൻെറ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിലവിളിക്ക് ചരമക്കുറിപ്പ് എഴുതുമെന്നത് ഉറപ്പാണ്. മുതലാളിത്ത സ്വർഗമായ അമേരിക്കയിൽ ഒരു പ്രവിശ്യയിൽ നിന്ന് മറ്റൊരു പ്രവിശ്യയിലേക്ക് പ്രവേശിക്കുന്നതിന് പോലും വിലക്ക് കൽപിക്കപ്പെട്ട കറുത്തവൻെറ വിമോചകഗായകൻ പോൾറോബ്സൺ നമ്മുടെ കൺമുന്നിലുണ്ട്. ആയിരക്കണക്കിന് ഖനി തൊഴിലാളികൾക്ക് മുന്നിൽ നേരിട്ട് ചെന്ന് സംഗീതപരിപാടി അവതരിപ്പിക്കുന്നതിന് അധികാരികൾ വിലക്ക് കൽപിച്ചതിനാൽ റോബ്സൺ ഒരിക്കൽ ടെലഫോൺ റിസീവറിലൂടെ നടത്തിയ സംഗീതക്കച്ചേരി മുതലാളിത്ത സ്വർഗത്തിലെ പോരാളിക്ക് കിട്ടിയ ആവിഷ്കാര സ്വാതന്ത്ര്യത്തിൻെറ സാക്ഷ്യപത്രമാണ്. സാമ്രാജ്യത്വ

ത്തിൻെറ ചോറ്റുപട്ടികൾ ചിലിയിലെ ജനാധിപത്യ സംവിധാനത്തെ തല്ലിത്തകർത്ത് പിനൊച്ചെയെന്ന സ്വേഛാധിപതിയെ വാഴിക്കുന്നതിന് വേണ്ടി കൊലപ്പെടുത്തിയവരിൽ സാൽവദോർ അലൻഡെ എന്ന സോഷ്യലിസ്റ്റ് മാത്രമല്ല, നോബൽ സമ്മാനിതനായ വിശ്വപ്രശസ്ത കവി പാബ്ലോ നെരൂദയും ഉൾപെടുമെന്ന് നമുക്കറിയാം. സ്പെയിനിൽ ജനാധിപത്യത്തിൻെറ ജീവവായു നിലനിർത്തുന്നതിനുള്ള സമരത്തിനിടക്ക് വധിക്കപ്പെട്ട ലോർക്കാ, ഫാസിസ്റ്റുകൾ കൊലപ്പെടുത്തിയ ലക്സംബർഗ് ദമ്പതികൾ, ഫാസിസ്റ്റുകളുടെ തടവറയിൽ കിടന്ന് നരകിച്ച് മരിച്ച ജൂലിയസ് ഫ്യൂച്ചിക്കും മൂസാജലിലും, ദക്ഷിണാഫ്രിക്കയിലെ അമേരിക്കൻ പാവ ഗവർമെണ്ട് തൂക്കിക്കൊന്ന കറുത്ത കവി ബഞ്ചമിൻ മൊളോയിസ്, അയർലണ്ടിൻെറ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായി മുപ്പതിലേറെ ദിവസം നിരാഹാരമനുഷ്ഠിച്ച് മരണംവരിച്ച ബോബി സാൻഡ്സ്, ചിലിയിൽ പിനോച്ചെയുടെ കൂലിപ്പട്ടാളത്തിൻെറ വെടിയേറ്റ് നെഞ്ച് പിളരുമ്പോഴും ഞങ്ങൾ ജയിക്കുമെന്ന് പ്രഖ്യാപിച്ച വിക്ടർജാറ, അമേരിക്ക സന്ദർശിക്കാനുള്ള വിസക്കപേക്ഷിച്ചു പതിനഞ്ച് വർഷമായി അനുവാദം കാത്തുകഴിയുന്ന ഗബ്രിയേൽ ഗാർഷ്യാ മാർകോസ്, അമേരിക്കയിൽവെച്ച് ദ്രോഹിക്കപ്പെട്ട ലോകപ്രശസ്ത കവിയും നാടകകൃത്തുമായ ബ്രെഹ്റ്റ്, പ്രശസ്ത നോവലിസ്റ്റായ അപ്ടൻസിംക്ലയർ പ്രശസ്ത സംഗീതജ്ഞനായ ഐസ്‌ലർ, കറുത്തവരുടെ വിമോചനപ്പോരാളി ആഞ്ജലാഡേവിസ്, മിറിയം മർക്കബൊ, നീണ്ട 25 വർഷക്കാലം വർണവെറിയരുടെ തടവറക്കുള്ളിൽ അടക്കപ്പെട്ട നെൽസൺ മണ്ടേല —— ഇങ്ങനെ എത്ര മനുഷ്യസ്നേഹികൾ മുതലാളിത്ത സ്വർഗത്തിൽവെച്ച് പീഡനം ഏറ്റുവാങ്ങിയിട്ടുണ്ട്. കേവല സ്വാതന്ത്ര്യത്തെക്കുറിച്ച് വാഴ്ത്തിപ്പാടുന്നവരുടെ കൈകൾ ഞെരിച്ചു തകർത്ത സ്വാതന്ത്ര്യത്തിൻെറ തീനാളങ്ങളിൽ ചിലത് മാത്രമാണിതെന്ന് ഓർക്കണം.

സാമ്രാജ്യത്വം ലോകത്തെങ്ങും ആയുധപ്പുരകൾ തീർ

ക്കാൻ ഉഴറി നടക്കുമ്പോൾ പുതുതായി സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങളെ സഹായിക്കാൻ ഓടിയെത്തിയ സോവിയറ്റ് യൂനിയൻ ഉൾപ്പെടെയുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ഒരിക്കലും ആയുധക്കച്ചവടത്തിലൂടെയോ വ്യാപാരക്കൊള്ളയടിയിലൂടെയോ ധനം നേടാൻ ശ്രമിച്ചിട്ടില്ല എന്നും നാം ഓർക്കേണ്ടതുണ്ട്. ആ രാഷ്ട്രങ്ങളിലെ തൊഴിലാളികളുടെയും കർഷകരുടെയും വിയർപ്പിൻെറ ഫലമാണ് ഇന്ത്യയുൾപ്പെടെയുള്ള രാഷ്ട്രങ്ങളിലെ ഭീലായ് പോലുള്ള അടിസ്ഥാന വ്യവസായശാലകളും വൻകിട പദ്ധതികളും എന്ന് നന്ദിപൂർവം ഓർക്കേണ്ട ബാധ്യത നമുക്കോരോരുത്തർക്കുമുണ്ട്. ജനാധിപത്യ പ്രക്രിയയുടെ കഴുത്ത് ഞെരിച്ച് നിരവധി മൂന്നാം ലോക രാജ്യങ്ങളിൽ സൈനിക അട്ടിമറിയും വിമോചനപ്പോരാട്ടങ്ങളെ തല്ലിത്തകർക്കലും സ്ഥിരം നടപടിയായി സാമ്രാജ്യത്വം കൊണ്ടു നടന്നതും ഇതേ കാലത്താണ്. പലസ്തീൻ, ഈജിപ്ത്, കൊറിയ, വിയറ്റ്നാം, ഇന്തോനേഷ്യ, ചിലി, ഗ്വാട്ടിമാല, ഗ്രനഡ, നമീബിയ, എൽസാൽവദോർ, അംഗോള, നിക്കരാഗ്വ, ലിബിയ, എത്യോപ്യ, പനാമ, ഇറാക്ക്, ക്യൂബ എന്നിങ്ങനെ എണ്ണമറ്റ രാജ്യങ്ങളുടെ നേരെ സൈനികഭീഷണി ഉയർത്തി സാമ്രാജ്യത്വം ഉറഞ്ഞുതുള്ളിയ അനുഭവങ്ങൾ നമ്മുടെ കൺമുമ്പിലുണ്ടല്ലോ.

## വിമോചനത്തിൻെറ തത്വശാസ്ത്രം

മനുഷ്യ സമൂഹത്തിൻെറ സുദീർഘമായ ചരിത്രത്തിൽ ചൂഷകവ്യവസ്ഥകൾ വഹിച്ച പങ്കിൻെറ സങ്കീർണ സ്വഭാവം ശരിക്കും മനസ്സിലാക്കാത്തതുകൊണ്ടാണ് സോഷ്യലിസ്റ്റ് ഭരണവ്യവസ്ഥയുടെ തകർച്ച സോഷ്യലിസ്റ്റ് ആശയങ്ങളുടെ അന്ത്യമാണെന്ന ചിന്താഗതി ചില കേന്ദ്രങ്ങളിലെങ്കിലും കടന്നുവരുന്നത്. വർഗരഹിത സമൂഹത്തിൽ രൂപം കൊണ്ട പരിമിതമായ അറിവുകൾ മുതൽ വർഗസമൂഹങ്ങളിൽ വികസി

ച്ചുവന്ന സങ്കുചിത കാഴ്ചപ്പാടുകൾവരെ സോഷ്യലിസ്റ്റ് ആശയങ്ങൾക്കും അവയുടെ പ്രയോഗികവൽകരണമായ സോഷ്യലിസ്റ്റ് ഭരണകൂടങ്ങൾകും എതിരാണ്. മുണ്ട് മുറുക്കിയുടുത്ത് കഷ്ടപ്പെട്ടവനാണ് മുതലാളിയാവുന്നതെന്നും കിട്ടുന്നതെല്ലാം ധൂർത്തടിച്ചുകളയുന്നവനാണ് തൊഴിലാളിയായി തീരുന്നതെന്നും ചൊല്ലുന്ന നാടൻ യുക്തിബോധം തൊട്ട് ഭൂമി, അധ്വാനം , മൂലധനം എന്നിവ സംഘടിപ്പിക്കുന്നതിന് സംഘാടകന് കിട്ടുന്ന പ്രതിഫലമാണ് ലാഭമെന്ന ആധുനിക സാമ്പത്തിക സിദ്ധാന്തത്തിൽ വരെ ചൂഷകൻെറ തത്വശാസ്ത്രമാണ് ചുരുണ്ടുകിടക്കുന്നത്. സർവശക്തനും കരുണാനിധിയുമായ ദൈവത്തിൻെറ അനുഗ്രഹം നിമിത്തം ചിലർ മുതലാളിമാരാവുകയും അതേ ദൈവത്തിൻെറ അതേ അനുഗ്രഹം നിമിത്തം മറ്റു ചിലർ തൊഴിലാളികളാവുകയും ചെയ്യുന്നുവെന്ന് ചില പുരോഹിതന്മാരും അതല്ല, മുജ്ജന്മസുകൃതം കൊണ്ടാണ് മുതലാളി ജനിക്കുന്നതെന്ന് വേറെ ചിലരും പറയുന്നു. മൂലധനത്തിൻെറ കവിളിൽ നിന്ന് ഒഴുകുന്ന ചോരയും ചലവും കാണാനോ ചൂഷകൻെറ ചവിട്ടേറ്റ് മുതുകൊടിഞ്ഞ ഒരു ജനതയുടെ നിലവിളി കേൾകാനോ ഒരു കാലത്തും നേരമില്ലാതിരുന്നവർ ഇന്ന് സോവിയറ്റ് യൂനിയനിലും കിഴക്കൻ യൂറോപ്പിലും സോഷ്യലിസ്റ്റ് വ്യവസ്ഥകൾ തകർന്നതുകണ്ട് തുള്ളിച്ചാടുകയാണ്. സോഷ്യലിസത്തിൻെറയും അതിന് ദിശാബോധവും പ്രചോദനവും നൽകുന്ന മാർക്സിസത്തിൻെറയും ചരിത്രത്തിൻെറ അടിസ്ഥാനത്തിൽ ഭാരതം ലോകരാജ്യങ്ങളുടെ 'ഗുരുജി' ആവുമെന്ന് പരമേശ്വർജി പ്രത്യാശിക്കുകയും ഗ്രഹണി പിടിച്ച 'ഭാരതമാതാ'വിനെ ലോകനേതൃത്വത്തിലേക്ക് ഉടൻ നടത്തണമെന്ന് ആഹ്വാനം മുഴക്കുകയും ചെയ്തതും മരിക്കുന്ന ഇസങ്ങൾക്ക് പകരം വളരുന്ന ആർഷദർശനവും 'സൗരോർജഗായത്രി ഭസ്മപ്പൊതികളും' വിതരണം നടത്തുന്നതും എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുള്ള എളുപ്പവഴികളുള്ള ഒരേയൊരു വേദഗ്രന്ഥം ഞങ്ങളുടേത് മാത്രമാണെ

ന്ന് വാദിച്ചുകൊണ്ട് മറ്റെല്ലാ മതമൗലികവാദികളും മത്സരിക്കുന്നതും മനുഷ്യസ്നേഹികളായ ആർക്കും ഉദാസീനരായി കാണാൻ കഴിയില്ല. മതപ്രവാചകന്മാർ മുതൽ മനുഷ്യസ്നേഹികളായ മഹാത്മാർവരെ മതജാതി ഭേദമന്യേ 'സ്വപ്നം' കണ്ട സമത്വപൂർണ്ണമായ ഒരു ആദർശലോകം ഭൂമിയിലെ ജീവിക്കുന്ന സത്യമാക്കാൻ വേണ്ടി പൊരുതിയ അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ വിപ്ലവകാരികളേയും അവർക്കതിന് വഴികാട്ടിയായിപ്രവർത്തിച്ച മാർക്സിസ്റ്റ് തത്വശാസ്ത്രത്തെയും വർത്തമാനകാല പ്രതിസന്ധിയെ മറയാക്കി നിന്നുകൊണ്ട് ആക്രമിക്കുന്നവർ മനുഷ്യഭാഗധേയത്തിന്റെ ഭിത്തികളിൽ ചരിത്രം കൊത്തിവെച്ച തലവാചകങ്ങൾ പോലും വായിക്കാൻ കഴിവില്ലാത്തവരാണ്. സാമ്രാജ്യത്വത്തിന്റെ കൊടുങ്കാറ്റിൽ സോഷ്യലിസ്റ്റ് ഭരണവ്യവസ്ഥകൾ മുഴുവനും കരിയില പോലെ ഭൂമുഖത്ത് നിന്നും പറന്നുപോകുന്ന ഒരു കറുത്ത കാലത്ത്പോലും ആകാശത്തിന് ചുവട്ടിൽ അനാഥരായി നിൽകുന്ന ജനങ്ങളുടെ മനസ്സിൽ മഴത്തുള്ളികളെ സ്വപ്നം കണ്ടുകൊണ്ട് കിടക്കുന്ന വിത്തുകളെപ്പോലെ അത് കിടക്കുന്നുണ്ടാകും. ലോകം മുഴുവനും നിർമിക്കുന്നവരെങ്കിലും ലോകത്തിന്റെ കേന്ദ്രത്തിൽ നിൽകാൻ ഇടം കിട്ടാത്തവർക്ക്, ജീവിതത്തിന്റെ പുറമ്പോക്കുകളിലേക്ക് പിഴുതെറിയപ്പെട്ടവർക്ക് ഒരു മേൽവിലാസമുണ്ടാക്കിക്കൊടുത്തത് മാർക്സിസമാണ്. ഒരു നിലവിളിയോടെയല്ല തൊഴിലാളിയെ അടിമയാക്കി നിലനിർത്തിയ മുതലാളിത്തത്തിന്റെ മുഖത്തടിക്കുന്ന ഉഗ്ര ഗർജ്ജനത്തോടെയാണ് മാർക്സിസം പിറന്നുവീണത്.

ഭൂതകാലത്തിൽ സുവർണ്ണ കാലം അടയാളപ്പെടുത്തി സന്തോഷിക്കുന്നവരും നിലനിൽക്കുന്ന വ്യവസ്ഥയെ അന്തിമമായ അവസ്ഥയായി കണ്ട് ആവേശം കൊള്ളുന്നവരും തിന്മ ആത്യന്തികമായി പരാജയപ്പെടുമെന്ന പ്രതീക്ഷയിൽ ധാർമ്മിക ബോധനം മാത്രം നടത്തുന്നവരും ഭാവിയെ സമീപിക്കുന്നത് ശാസ്ത്രീയമായിട്ടല്ല സാങ്കൽപികമായിട്ടാണ്. നമ്മുടെ കാല

ത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥ അനുഭവിക്കുന്ന പ്രതിസന്ധികളും തിരിച്ചടികളും കണ്ട് തുള്ളിച്ചാടുന്നവർ ആയിരത്താണ്ടുകൾ പഴക്കമുള്ള സാങ്കൽപിക സോഷ്യലിസത്തിന് എന്ത് സംഭവിച്ചു എന്നന്വേഷിക്കേണ്ടത് അനിവാര്യമാണ്. പല കാലത്തായി പിറന്ന സാങ്കൽപിക സോഷ്യലിസ്റ്റാശയങ്ങളെക്കുറിച്ച് അലസമായ ഒരന്വേഷണം പോലും നടത്താതെ ശാസ്ത്രീയ സോഷ്യലിസത്തിൻെറ പ്രശ്നങ്ങളെ അപഗ്രഥിക്കുക പോലും ചെയ്യാതെ സോഷ്യലിസം തകർന്നുവെന്ന് പ്രചരിപ്പിക്കുന്നത് മനുഷ്യൻെറ ചരിത്രവികാസത്തെ തന്നെ ചോദ്യം ചെയ്യലാണ്. ആശയങ്ങളുടെ ആകാശത്തിൽ ഉദിച്ചസ്തമിച്ച നിരവധി സാങ്കൽപിക ചിന്തകൾ അനാഥമായി പോയതിൻെറ കാരണങ്ങൾ തിരക്കേണ്ടവർ അത് ചെയ്യാതെ ചരിത്രത്തോട് കൊച്ചു വർത്തമാനങ്ങൾ പറയുന്ന കാഴ്ചയാണ് ഇന്ന് നമ്മൾ കാണുന്നത്. ശാസ്ത്രീയ സോഷ്യലിസം പ്രശ്നങ്ങളെ നേരിടുന്ന രാഷ്ട്രീയ സന്ദർഭത്തിൽ ധർമ്മ ചിന്തകൾ വിതരണം നടത്താനാവുമെന്ന അവരുടെ മോഹം സാങ്കൽപിക സോഷ്യലിസത്തിൻെറ ചരമ ചരിത്രത്തെക്കുറിച്ചുള്ള അജ്ഞതയുടെ ആവിഷ്കാരമല്ല. അവർ പ്രതിനിധാനം ചെയ്യുന്ന ചൂഷകവർഗത്തിൻെറ താൽപര്യം കേടുകൂടാതെ സൂക്ഷിക്കാനുള്ള ശ്രമത്തിൻെറ ഭാഗമാണ്.

വർഗസമൂഹത്തിൻെറ പ്രാരംഭ ഘട്ടത്തിൽ മതപരവും മതപരമല്ലാത്തതുമായ സാങ്കൽപിക കാഴ്ചപ്പാടുകൾ പിറന്നു. മതപരമായ കാഴ്ചപ്പാട് ദൈവവിധിക്കും അമാനുഷ വ്യക്തികൾക്കും മതപരമല്ലാത്ത കാഴ്ചപ്പാട് മനുഷ്യയുക്തിക്കും പ്രവർത്തനത്തിനും പ്രാധാന്യം കൊടുത്തു. ഇരുകൂട്ടരും സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവം അപഗ്രഥിക്കാതിരിക്കുന്നതിൽ ഒരുമിച്ചു നിന്നു. മതപരമല്ലാത്ത കാൽപനിക ചിന്തകളിൽ ലോകത്തിൻെറയും മനുഷ്യരാശിയുടെയും ഭാവി എന്തായിരിക്കണമെന്ന ആഗ്രഹമാണുള്ളത്. പ്രകൃതിയുടെയും സമൂഹത്തിൻെറയും വികാസത്തിൻെറ വസ്തുനിഷ്ഠ നിയമങ്ങൾ ക

ണ്ടെത്താനവർക്ക് കഴിഞ്ഞില്ല. ഭാവിയെക്കുറിച്ചുള്ള കാൽപനിക കാഴ്ചപ്പാടിൽ മുന്നോട്ട് നോക്കുന്നതും പിറകോട്ട് നോക്കുന്നതുമായ സങ്കൽപങ്ങൾ പരസ്പരം പൊരുതുന്നതും പുരോഗമനപരമായിരുന്ന സങ്കൽപങ്ങൾ തന്നെ പിന്നീട് പ്രതിലോമപരമാകുന്നതും കാണാൻ കഴിയും. നമ്മുടെ കാലത്ത് ഭാവിയെക്കുറിച്ചുള്ള സർവകാൽപനിക ചിന്തകളും വർഗസഹകരണത്തിൻെറ ആവിഷ്കാരവമാവുക വഴി ശാസ്ത്രീയ സോഷ്യലിസത്തിൻെറ ശത്രുപക്ഷത്താണ് നിലയുറപ്പിച്ചിട്ടുള്ളത്. ശാസ്ത്രീയ സോഷ്യലിസം മാനവികതയെക്കുറിച്ച് പറയുന്നത് വർഗസമരത്തിൻെറ ധർമവും ഫലവും എന്ന അർത്ഥത്തിലാണ്. സാങ്കൽപിക സോഷ്യലിസ്റ്റുകൾ മുതൽ ഫാസിസ്റ്റുകൾവരെ മാനവികതയെക്കുറിച്ച് പറയുന്നത് വർഗ സമരത്തെ മറച്ചുവെക്കാനുള്ള മറയെന്ന നിലക്കാണ്. സ്വന്തം സാങ്കൽപിക മോഹം സമുദായത്തിന് മേൽ കെട്ടിവെക്കാനാണ്, തങ്ങൾ പറയുന്നതനുസരിച്ച് സമുദായം പ്രവർത്തിച്ചുകൊള്ളണമെന്ന് കൽപിക്കുകയാണ് അമൂർത്തമാനവവാദത്തിൻെറ അവതാരകന്മാർ ചെയ്യുന്നത്. ഭാവിയെക്കുറിച്ചുള്ള സാങ്കൽപിക ചിന്തകളുടെ ഒരു സംക്ഷിപ്ത ചരിത്രം പോലും ശാസ്ത്രീയ സോഷ്യലിസത്തിനെതിരായി അവതരിപ്പിക്കപ്പെടുന്ന കെട്ടുകഥകളുടെ അസംബന്ധം സ്വയം വിശദമാക്കും വർത്തമാനവാദത്തെയും വിധിവാദത്തെയും കടന്നാക്രമിച്ച പ്രാചീനകാലത്തെ ഭാവിലോക ചിന്ത രാഷ്ട്രീയ ശാസ്ത്രമില്ലാത്ത രാഷ്ട്രീയം തന്നെയായിരുന്നു.

അന്നത്തെ സാങ്കൽപിക സോഷ്യലിസത്തിൻെറ ഇന്നത്തെ പിന്മുറക്കാർക്ക് നൂറ്റാണ്ടുകൾക്ക് മുമ്പ് സ്വന്തം മുൻഗാമികൾ കണ്ട സ്വപ്നം പോലും ഉയർത്തിപ്പിടിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അവരിപ്പോൾ ആകെ ചെയ്യുന്നത് ശാസ്ത്രീയ സോഷ്യലിസം തകർന്നു എന്നുറക്കെ വിളിച്ചുപറയുക മാത്രമാണ്. മനുഷ്യസമൂഹത്തിൻെറ ആദിഘട്ടത്തിൽ പിറന്ന ഭാവിയെക്കുറിച്ചുള്ള മോഹങ്ങൾ , മതപരവും

മതപരമല്ലാത്തതുമായ ഭാവിയെക്കുറിച്ചുള്ള സങ്കൽപങ്ങൾ, സാങ്കൽപിക സോഷ്യലിസ്റ്റ് ചിന്തകൾ എന്നിവക്ക് സാമൂഹ്യ വികാസത്തിനിടയിൽ എന്ത് സംഭവിച്ചു എന്നവർ ചോദിക്കു ന്നില്ല. ഫ്യൂഡൽ സോഷ്യലിസം, പെററി ബൂർഷ്വാ സോഷ്യ ലിസം, ജർമൻ അഥവാ സത്യസോഷ്യലിസം, യാഥാസ്ഥിതി ക അഥവാ ബൂർഷ്വാ സോഷ്യലിസം തുടങ്ങിയവയുടെ അ സ്ഥികൾ പോലും അതിന്റെ കുഴിമാടത്തിൽ എന്തുകൊണ്ട് കാണുന്നില്ല എന്നതിനെക്കുറിച്ച് അവർ ഒരന്വേഷണത്തിന് മുതിരുന്നില്ല. പ്ലാറ്റോ, അരിസ്റ്റോട്ടിൽ, തോമസ്മൂർ ജീൻ മെ ലിയർ, ഹെഗൽ, ഓവൻ, ഗാന്ധി തുടങ്ങിയ മഹാത്മാക്കളും മ തപ്രവാചകന്മാരും നിരന്തരമായി പ്രചരിപ്പിച്ച മനുഷ്യസ് നേഹം എന്തുകൊണ്ട് കടങ്കഥയായിപ്പോയി എന്നവർ വിശദീ കരിക്കുന്നില്ല. ഭൂമിയിൽ നിരവധി തത്വചിന്തകൾ പിറന്നിട്ടും അവക്കൊന്നിനും മാറ്റത്തിന്റെ മാർഗരേഖയാവാൻ കഴിയാ ത്തതിന്റെ കാരണം പഠിക്കാൻ അവർ സന്നദ്ധമാകുന്നില്ല. മാർക്സിസം പിറക്കുന്നത് അതിന് മുമ്പുള്ള സാങ്കൽപിക സോഷ്യലിസമടക്കമുള്ള സകല രാഷ്ട്രീയ ചിന്തകളെയും വിമർശനാത്മകമായി സ്വാംശീകരിച്ചുകൊണ്ടാണ്. മറ്റനവധി തത്വചിന്തകൾ പാഠപുസ്തകങ്ങളിലും ഗ്രന്ഥപ്പുരകളിലും അ ക്കാദമിക് ലോകത്തിലും ഒതുങ്ങിക്കഴിയുമ്പോൾ മാർക്സിസ സം മാത്രം തീവ്രമായ എതിർപ്പിനും അംഗീകാരത്തിനും വി ധേയമാകുന്നത് അത് ജീവിക്കുന്ന തത്വശാസ്ത്രമായതുകൊ ണ്ടാണ്. എല്ലാവിധ സാങ്കൽപിക ലോക കാഴ്ചപ്പാടുകളുടെ യും പ്രയോഗികമായ അസാധ്യതയും സൈദ്ധാന്തികമായ പാപ്പരത്തവും തുറന്നു കാട്ടിക്കൊണ്ടാണ് ശാസ്ത്രീയ സോ ഷ്യലിസത്തെ മാർക്സിസം മുന്നോട്ടുവെച്ചത്. പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിച്ച ഘട്ടങ്ങളിലൊക്കെ ശാസ് ത്രത്തിന് സഹജമായ ധീരതയോടെ അത് സമൂർത്ത പഠന ങ്ങൾക്കും വിശകലനങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. വിജയത്തിൽ നിന്ന് മാത്രമല്ല പരാജയത്തിൽ നിന്നും ഊർജ്ജം

സ്വീകരിക്കാൻ കഴിയുന്ന പ്രത്യയശാസ്ത്രമാണ് മാർക്സിസം. മാർക്സിസത്തിന്റെ വികാസത്തിന്റെ ചരിത്രം ഇക്കാര്യം വിശദമാക്കുന്നുണ്ട്.

1834 ൽ തൊഴിലാളി പ്രസ്ഥാനത്തിന്റെ പിറവികുറിച്ച 'രാജ്യഭ്രഷ്ടരുടെ ലീഗ്' എന്ന സംഘടന സ്വന്തം പേര് സൂചിപ്പിക്കുന്നതുപോലെ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി ശബ്ദമുയർത്തിയതിന്റെ പേരിൽ ജന്മനാട്ടിൽ നിന്നും നാടുകടത്തപ്പെട്ടവരുടേതായിരുന്നു. ഇതിന്റെ തുടർച്ചയായി 1847 ൽ രൂപംകൊണ്ട കമ്യൂണിസ്റ്റ് ലീഗ് 1852 ൽ പിരിച്ചുവിടേണ്ടിവന്നതും സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി ശബ്ദമുയർത്തിയതിന്റെ പേരിലാണ്. രാജ്യത്തിന്റെയും ഭാഷയുടെയും അതിരുകൾ മറന്ന് 'ലോകത്തെങ്ങുമുള്ള തൊഴിലാളികളെ' എന്ന് ആദ്യമായി തൊഴിലെടുക്കുന്നവരെ വിളിച്ച കമ്യൂണിസ്റ്റ് ലീഗിന്റെ പ്രവർത്തനത്തിൽ നിന്ന് പ്രചോദനം നേടിയാണ് ലോകത്തിലെ ആദ്യത്തെ സാർവദേശീയ പ്രസ്ഥാനം 1864 ൽ ഉടലെടുത്തത്. 12 കൊല്ലം മാത്രം നിലനിന്ന പ്രസ്തുത പ്രസ്ഥാനം തൊഴിലാളി സമരങ്ങൾക്കും ദേശീയ സമരങ്ങൾക്കും നൽകിയ പിന്തുണ ചരിത്രത്തിന്റെ ഭാഗമാണ്. ലോകപ്രസിദ്ധമായ 1871 ലെ പാരീസ് കമ്യൂണിന്റെ തകർച്ചയെ തുടർന്ന് ഇന്റർനാഷണൽ സഖാക്കളെ ലോകമാസകലം മുതലാളിത്തം വേട്ടയാടി. ചിക്കാഗോവിൽ തീപ്പിടുത്തമുണ്ടായപ്പോൾ അവർ ഇന്റർനാഷണലിന്റെ മേൽ കുറ്റം ആരോപിച്ചു. 1876 ൽ ഔദ്യോഗികമായി ഇന്റർനാഷണൽ പിരിച്ചുവിട്ടപ്പോൾ ലോകത്തെങ്ങുമുള്ള പിന്തിരിപ്പന്മാർ തുള്ളിച്ചാടി. കമ്യൂണിസത്തിന്റെ കഥ കഴിഞ്ഞു എന്നവർ പ്രഖ്യാപിച്ചു. അവരുടെ പ്രതീക്ഷകളെ കാററിൽ പറത്തിക്കൊണ്ട് 1889 ൽ രണ്ടാം ഇന്റർനാഷണൽ ഉയർന്നുവന്നു. 1884 മുതൽ തുടങ്ങി 1886 ൽ ജ്വലിച്ചുയർന്നതും പിന്നീട് മെയ് ദിന സമരമെന്ന പേരിൽ ചരിത്രത്തിൽ നിറഞ്ഞു നിൽക്കുന്നതുമായ സമരത്തെ ലോകതൊഴിലാളിവർ

ഗ ചരിത്രത്തിലെ മഹാസംഭവമാക്കി മാറ്റിയത് രണ്ടാം ഇൻറർ നാഷണലാണ്. 1886 ലെ മെയ് ദിന പ്രക്ഷോഭത്തിന് ധീരമായ നേതൃത്വം നൽകിയ ആഗസ്റ്റസ് സ്പൈസിനെയും ആൽബർട് എൽ പാർസണേയും പോലുള്ള മഹാന്മാരായ മനുഷ്യസ്നേഹികളെ രണ്ട് അപകടകാരികളായ കൊലയാളികളെന്നും ഭീരുക്കളെന്നും വിളിച്ച അമേരിക്കൻ പത്രമായ 'ചിക്കാഗോ മെയിലിൻെറ' പിഴച്ച പാരമ്പര്യമാണ് ഇന്നും ലോകത്തെങ്ങുമുള്ള മാധ്യമ മുതലാളിമാരുടെ സിരകളിൽ ഓടുന്നത്. പത്തും പതിനഞ്ചും മണിക്കൂർ നേരം മുതലാളിമാർക്ക് വേണ്ടി രാപ്പകൽ അധ്വാനിച്ചവർ ജോലി എട്ട് മണിക്കൂർ മാത്രം എന്ന മുദ്രാവാക്യം വിളിച്ചപ്പോൾ മുതലാളിമാരുടെ നെറ്റിചുളിഞ്ഞതും സ്വാതന്ത്ര്യത്തിൻെറ മാലാഖയായ ചിക്കാഗോ മെയിൽ മഹത്തായ 'ജനാധിപത്യ' ഭാഷയിൽ ജനനേതാക്കളെ അഭിസംബോധന ചെയ്തതും 1887 ൽ മെയ്ദിന നേതാക്കളെ തൂക്കിക്കൊന്നതും ചരിത്രബോധമുള്ളവർ ഒരുനാളും മറക്കുകയില്ല. മെയ്ദിനപ്പോരാട്ടത്തിൻെറ മഹത്തായ ചരിത്രം ലോകത്തിൽ നിന്നും മായ്ച്ചുകളയാൻ വേണ്ടി സ്വാതന്ത്ര്യത്തിൻെറ സ്വർഗത്തിലെ ടൂറിസ്റ്റ് മാപ്പിൽ നിന്നും കലാപം നടന്ന സ്ഥലം ചുരണ്ടിപ്പോക്കുകയാണ് ചെയ്തത്. നീതിക്ക് വേണ്ടി പൊരുതിയ തൊഴിലാളികൾക്കല്ല അവരെ അടിച്ചമർത്തിയവർക്ക് സ്മാരകം നിർമിക്കുകയാണ് സാമ്രാജ്യത്വം ചെയ്തത്. കയ്യുയർത്തി നിൽക്കുന്ന മർദ്ദകരുടെ സ്മാരകം സംരക്ഷിക്കാൻ വേണ്ടി ലക്ഷങ്ങൾ ചെലവഴിച്ചവർക്ക് ഒടുവിലത് ഒരു ഗതിയുമില്ലാതെ വന്നപ്പോൾ 'പൊലീസ്' അക്കാദമിയുടെ അകത്തേക്ക് കൊണ്ടുപോകേണ്ടിവന്നു. ചിക്കാഗോയിലെ പണച്ചാക്കുകൾ തൊഴിലാളികൾക്കുള്ള മുന്നറിയിപ്പായി പണിത ഈ സ്മാരക പ്രതിമ അനാഛാദനം ചെയ്തുകൊണ്ട് അന്നത്തെ അമേരിക്കൻ ഭരണാധികാരി മോഹിച്ചത് സ്വാതന്ത്ര്യത്തിൻെറയും നിയമത്തിൻെറയുമായ ഈ പ്രതിമ അനശ്വരമായി നിലനിൽക്കുമെന്നാണ്. 1986ൽ മെയ്ദിനത്തിൻെറ ശതാബ്ദി

യാഘോഷങ്ങളിൽ പങ്കെടുക്കാൻ അനുവാദം ചോദിച്ച സോവിയറ്റ് യൂനിയനിലെ മോട്ടോർ തൊഴിലാളികൾക്ക് അനുമതി നിഷേധിച്ചവർ, മെയ്ദിന പ്രകടനം ട്രാഫിക് തടസ്സമുണ്ടാക്കുമെന്ന് പറഞ്ഞ് മുടക്കിയവർ, എക്സ് കമ്യൂണിസ്റ്റായ പ്രൊട്ടോട്ടിനെക്കൊണ്ട് ഫ്രഞ്ച് സമ്പദ്ഘടനയെ ബലഹീനമാക്കാനുള്ള ജർമ്മൻ ശ്രമമാണ് മെയ്ദിനമെന്ന ലഘുലേഖ എഴുതിച്ചവർ, അവരിന്നും മുമ്പും സ്വാതന്ത്ര്യത്തിന്റെ പേരിലാണ് സോഷ്യലിസത്തെ വിമർശിക്കുന്നത്.

## മാധ്യമസർവ്വാധിപത്യം

സോഷ്യലിസ്റ്റ് വ്യവസ്ഥക്കെതിരെയുള്ള കുരിശുയുദ്ധത്തിൽ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിലും ആശയപരമായ മേൽക്കോയ്മ നേടുന്നതിലും സാമ്രാജ്യത്വം ഏറെ മേൽക്കൈ നേടി. മാധ്യമ മർദ്ദനം ഒരു സംഘടിത രാഷ്ട്രീയാക്രമണമായി മാറുന്നത് 1917 ൽ റഷ്യയിൽ നടന്ന ഒക്ടോബർ വിപ്ലവത്തിന് ശേഷമാണ്. വിപ്ലവാനന്തര സോഷ്യലിസ്റ്റ് സമുദായത്തെ തകർക്കാൻ സാമ്രാജ്യത്വം നടത്തിയ ഇടപെടലുകൾ സകലതും പരാജയപ്പെട്ടു. സോവിയറ്റ് യൂനിയൻ സ്വന്തം രാജ്യത്തിനെതിരെയുള്ള സാമ്രാജ്യത്വ പ്രതിരോധത്തെ പരാജയപ്പെടുത്തിയതിനൊപ്പം കൊളോണിയൽ വിരുദ്ധ പോരാട്ടങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്തു. 1922 ഡിസമ്പർ മൂന്നിന് ലുസാനെ സമ്മേളനത്തിൽ സോവിയറ്റ് പ്രതിനിധി സംഘം പൗരസ്ത്യ ലോകത്തിൽ സാമ്രാജ്യത്വത്തിന്റെ രാജ്യവികസന നയത്തെ തുറന്നു കാട്ടുന്ന ദീർഘമായ മെമ്മോറാണ്ടം സമർപ്പിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്വം, വിമോചനപ്പോരാട്ടങ്ങൾക്ക് പിന്തുണ കൊടുക്കുന്നത് നിർത്തിവെക്കാനാവശ്യപ്പെട്ടുകൊണ്ട് സോവിയറ്റ് യൂനിയന് 1923 മെയ് 8 ന് അന്ത്യശാസനം നൽകിയതും 1923 മെയ് 10 ന് സുപ്രസിദ്ധ സോവിയറ്റ് നയതന്ത്രജ്ഞനായ വി വി വൊറോവ്സ്ററിയെ കൊൻഡി എന്ന വാടകഗുണ്ട വെടിവെച്ചു കൊന്നതും ചേർത്തുവെച്ചു വായിക്കേണ്ട സംഭവങ്ങളാണ്. 1941 ലെ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിൽ സോവിയറ്റ് യൂനിയൻ നേടിയ ഉജ്വലവിജയം

ഹിറ്റ്ലറുടെ മാത്രമല്ല സാമ്രാജ്യത്വത്തിന്റെയും സ്വപ്നത്തിന്റെ അന്ത്യമായിത്തീർന്നു.

ഇതോടെ സൈദ്ധാന്തിക തലത്തിലും പ്രയോഗിക തലത്തിലും മാർക്സിസത്തെ അപകീർത്തിപ്പെടുത്തുന്ന പുസ്തകങ്ങളും ലഘുലേഖകളും ആശയ വിപണിയിൽ നിറഞ്ഞു. 1955 ൽ ഇറ്റലിയിലെ മിലാനിൽ ചേർന്ന കൾചറൽ കോൺഗ്രസ് ഫോർ ഫ്രീഡം തുടങ്ങിയ സംഘടനകൾ , എൻകൗണ്ടർ, കവസ്റ്റ്, തോട്ട്, ടൈംസ്ലിറ്ററി സപ്ലിമെൻറ് തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ എന്നിവ ജീവിതത്തിൽ നിന്ന് വെട്ടിമാറ്റിയ അമൂർത്തസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രസ്താവനകളാൽ ബഹളമയമാക്കിയ ആശയ പരിസരം സാമ്രാജ്യത്വ പ്രയോഗത്തിന് അനുകൂലഘടകമായി.

ഹിറ്റ്ലറുടെ പരാജയം ഉറപ്പായ സന്ദർഭത്തിൽ അമേരിക്ക നാഗസാക്കിയിലും ഹിരോഷിമയിലും അണുബോംബ് എറിഞ്ഞത് ലോകനേതൃത്വം കയ്യാളാനുള്ള കരുത്ത് തങ്ങൾക്കാണെന്ന് തെളിയിക്കാൻ വേണ്ടി മാത്രമായിരുന്നുവെന്ന വസ്തുത ഇന്ന് പുറത്തുവന്നിട്ടുണ്ട്. 1946 ൽ കമ്യൂണിസത്തിന് മേൽ ആശയബോംബെറിയാൻ വിൻസ്റ്റൺ ചർചിൽ തെരഞ്ഞെടുത്തത് യു എസ് എ യിലെ ഫുൾട്ടാൻ എന്ന സ്ഥലമായത് യാദൃശ്ചികമല്ല. അണുബോംബുള്ള അമേരിക്കയുടെ അരികുപറ്റി പല്ലുപോയ ബ്രിട്ടീഷ് സാമ്രാജ്യത്വം കമ്യൂണിസത്തെ പരാജയപ്പെടുത്താൻ നോക്കിയതാണ്. മാനവികത ഇരുണ്ട യുഗത്തിലേക്ക് മറിഞ്ഞു വീഴാതിരിക്കുവാൻ ചുകപ്പൻ സർവാധിപത്യത്തിൽ നിന്ന് ക്രൈസ്തവ സംസ്കാരത്തെ രക്ഷിക്കാൻ ആംഗ്ലോ സാക്സൺ രാജ്യങ്ങൾക്കേ കഴിയൂ, സകല സാർവദേശീയ മര്യാദകളെ യും കാറ്റിൽ പറത്തിയ ചർച്ചിലിന്റെ ഫുൾട്ടാൻ പ്രസംഗം ഇങ്ങനെ പോയി. ലോകത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ 'നമ്മൾ' വേണം എന്ന അന്നത്തെ യു എസ് എ പ്രസിഡണ്ടായ ഹാരിട്രൂമാന്റെ സിദ്ധാന്തം , കണ്ടെയിനിങ്ങ് കമ്യൂണിസം റോളിങ്ങ്ബേക്ക് ഈസ്റ്റേൺ യൂറോപ്യൻ കമ്യൂണിസം തുടങ്ങിയ ജനാധിപത്യ വിരുദ്ധ മുദ്രാവാക്യങ്ങളായിരുന്നു അന്ന് സർവത്ര.

രാഷ്ട്രീയ രംഗത്ത് സോഷ്യലിസം പരാജയമാണെന്ന് സ്ഥാപിക്കുക, സോഷ്യലിസ്റ്റ് രാജ്യങ്ങളെ ആയുധ മത്സരത്തിലേക്ക് വലിച്ചിഴക്കുക, സൈനിക തലത്തിൽ ഒരു സംഘർഷ സാഹചര്യം സ്ഥിരമായി നിലനിർത്തുക, സങ്കുചിതദേശീയവാദം, ഉപഭോഗ മനശാസ്ത്രം, നിസ്സംഗത, വിഷാദാത്മകത്വം, പ്രയോജനവാദം, അരാഷ്ട്രീയത, അലസത തുടങ്ങിയ സാമൂഹ്യ വിരുദ്ധ ആശയങ്ങൾ സമൂഹത്തിൽ വാരിവിതറുക തുടങ്ങിയ പ്രതിലോമ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാണ് മാധ്യമ രംഗത്തെ സർവാധിപത്യം സാമ്രാജ്യത്വം ഉപയോഗിച്ചത്.

1953 ൽ രൂപം കൊണ്ട യുണൈറ്റഡ് സ്റ്റേറ്റ്സ് ഇൻഫർമേഷൻ ഏജൻസി വർഷംതോറും ലക്ഷക്കണക്കിന് പുസ്തകങ്ങളും ലഘുലേഖകളും അടിച്ചിറക്കി ലോകമാകെ വിതരണം ചെയ്തുതുടങ്ങിയ. 1850 മുതൽ 1950 വരെയുള്ള കാലത്ത് റഷ്യയെക്കുറിച്ച് നൂറ് പഠനങ്ങളാണ് പുറത്തുവന്നത്. എന്നാൽ 1950 ൽ മാത്രം ആയിരത്തിലേറെ പഠനങ്ങൾ പുറത്തിറക്കി. കമ്യൂണിസത്തിൻെറ പ്രശ്നങ്ങൾ, സോവിയറ്റ് പ്രചാരണത്തിനെതിരെ കരുതിയിരിക്കുക തുടങ്ങിയ ബുള്ളറ്റിനുകൾ ലോകത്തിലെ മുഴുവൻ ഭാഷകളിലും പുറത്തിറങ്ങാൻ തുടങ്ങി. ഹെറിട്ടേജ് ഫൗണ്ടേഷൻ, റാൻഡം കോർപറേഷൻ തുടങ്ങി അമേരിക്കൻ സ്ഥാപനങ്ങൾക്ക് പുറമെ കോൺഗ്രസ് ഫോർ കൾചറൽ ഫ്രീഡം ആൻറി കമ്യൂണിസ്റ്റ് ലീഗ് തുടങ്ങിയ സംഘടനകളുടെ പ്രവർത്തനങ്ങളും മാധ്യമ മർദ്ദനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഇലക്ട്രോണിക് വ്യവസായത്തിൽ സാമ്രാജ്യത്വത്തിനുള്ള മുൻകൈ മാധ്യമ മണ്ഡലത്തിൽ അവക്ക് മേൽക്കോയ്മ സ്ഥാപിക്കാൻ സഹായകമായി. ഈ രംഗത്ത് ഉപഗ്രഹങ്ങളും കമ്പ്യൂട്ടറുകളും ഡാററാ ബേങ്കുകളും ആയുധഉല്പാദനവും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നു.

കമ്യൂണിസത്തിനെതിരെ സാമ്രാജ്യത്വം നടത്തിയ പ്രത്യയശാസ്ത്ര പ്രയോഗങ്ങളെയും പരിശോധിക്കേണ്ടതുണ്ട്. മാർക്സിസത്തിന് ഒരു ബദൽ കണ്ടെത്താനുള്ള അവരുടെ വേവലാതി പൂണ്ട അന്വേഷണം 'പ്രത്യയശാസ്ത്രത്തിൻെറ

അന്ത്യം' എന്ന സിദ്ധാന്തത്തിലാണ് ഒടുവിൽ എത്തിച്ചേർന്നത്. അമേരിക്കയിലും ബ്രിട്ടനിലും മറ്റും പ്രത്യയശാസ്ത്രത്തിന്റെ അന്ത്യം വിപ്ലവത്തിന്റെ അന്ത്യം തുടങ്ങിയ സിദ്ധാന്തങ്ങൾക്ക് ഇതോടെ പ്രിയമേറി. സാങ്കേതികാനന്തര സമൂഹത്തിൽ പ്രത്യയശാസ്ത്രം അപ്രസക്തമാണെന്ന സിദ്ധാന്തത്തിന് സാമൂഹ്യ ശാസ്ത്രജ്ഞർക്കിടയിലെ വലിയൊരു വിഭാഗത്തിന്റെ പിന്തുണ ലഭിച്ചു. റെയ്മണ്ട് ആരൺ, ഡാനിയേൽ ബെൽ, ലിപ്സെററ്, റസ്റ്റോവ്, ഗാൽബ്രിയത്ത് തുടങ്ങിയവർ ഇതിൽപെടുന്നു. സമൂഹത്തിന്റെ ഘടനാരൂപത്തെ നിർണ്ണയിക്കുന്ന മാനദണ്ഡം സാങ്കേതിക വിദ്യയാണെന്ന സിദ്ധാന്തം അരാഷ്ട്രീയവാദത്തെ പ്രോത്സാഹിപ്പിക്കുകയും മുതലാളിത്തത്തിന് അനുയോജ്യമായിത്തീരുകയും ചെയ്തു.

## സംസ്കാരം: രണ്ട് മുഖം

ശാസ്ത്രീയ സോഷ്യലിസത്തെ നിർവീര്യമാക്കാൻ ചൂഷകവർഗം നിർമ്മിച്ച ജനാധിപത്യ സോഷ്യലിസമെന്ന സാങ്കൽപിക സോഷ്യലിസത്തിൽ ജനാധിപത്യവുമില്ല. സോഷ്യലിസവുമില്ല. എന്നാൽ യഥാർത്ഥ ശാസ്ത്രീയസോഷ്യലിസം ലെനിൻ ആവർത്തിച്ചു പറഞ്ഞതുപോലെ കൂടുതൽ ജനാധിപത്യമാണ്. പാചകക്കാരനെപ്പോലും ഭരിക്കാൻ പഠിപ്പിക്കുന്ന സോഷ്യലിസത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യം അതിന്റെ ഹൃദയമാണ്. ജ്വലിക്കുന്ന ഒരു സ്വപ്നം പോലും മനസ്സിൽ സൂക്ഷിക്കാൻ കഴിവില്ലാത്തവരായി ഒരു തലമുറയെ മുഴുവൻ മാറ്റുന്ന മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യം ഒരാഡംബരം മാത്രമാണ്. മാധ്യമങ്ങളുടെ മുകളിൽ കയറി നിന്നുകൊണ്ട് ബൂർഷ്വാ വിളിച്ചു പറയുന്ന ജനാധിപത്യ സോഷ്യലിസത്തിൽ ജനാധിപത്യവുമില്ല സോഷ്യലിസവുമില്ല. തെറ്റിദ്ധരിപ്പിക്കുകയും മോഹിപ്പിക്കുകയും ചെയ്യുന്ന പദജാലം മാത്രമാണത്.

ശാസ്ത്രീയസോഷ്യലിസം കമ്യൂണിസ്റ്റ് പാർടികളുടെ സ്വകാര്യ സ്വത്തല്ല. ലോകത്തെങ്ങുമുള്ള മനുഷ്യരുടെ രാഷ്ട്രീയവും സാംസ്കാരികവുമായ സമ്പത്താണ്. മാർക്സിസം

മനുഷ്യനെ മാറ്ററച്ചു നോക്കുന്നത് അവർ മനുഷ്യവർഗത്തിന്റെ മുന്നോട്ടു പോക്കിന് സംഭാവന നൽകിയിട്ടുണ്ടോ ഇല്ലയോ എന്ന് നോക്കിയാണ്. റോബർട് ഓവൻ, സൈമൺ ഫൂറിയേ, തോമസ്മൂർ എന്നീ സാങ്കൽപിക സോഷ്യലിസ്റ്റുകളെ മഹാന്മാരായ മൂന്ന് ഉട്ടോപ്യന്മാർ എന്ന് എംഗൽസ് വിളിച്ചത് അവരുടെ സിദ്ധാന്തങ്ങൾ ശരിയായിരുന്നതുകൊണ്ടല്ല, മറിച്ച് അവർക്ക് മനുഷ്യവംശം മുന്നോട്ടുപോകുന്നതിനെക്കുറിച്ചുള്ള സ്വപ്നങ്ങളെങ്കിലുമുണ്ടായതുകൊണ്ടാണ്. അമേരിക്കയിൽ അടിമത്തമവസാനിപ്പിക്കുന്നതിനുള്ള പോരാട്ടത്തിന് നേതൃത്വം നൽകിയ എബ്രഹാം ലിങ്കൺ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ സാർവദേശീയ തൊഴിലാളി പ്രസ്ഥാനവും മാർക്സും അദ്ദേഹത്തെ അഭിവാദ്യം ചെയ്തതും തൊഴിലാളി വർഗത്തിന്റെ ഏകാഗ്രചിത്തനായ പുത്രൻ എന്ന് വിശേഷിപ്പിച്ചതും ലിങ്കൺ കമ്യൂണിസ്റ്റായതുകൊണ്ടായിരുന്നില്ല. എന്നാൽ അബ്രഹാം ലിങ്കന്റെ പാരമ്പര്യം കാറ്റിൽ പറത്തിക്കൊണ്ട് അമേരിക്കൻ സാമ്രാജ്യത്വം സോവിയറ്റ് രാഷ്ട്ര പിതാവായ ലെനിനെതിരെ തങ്ങളുടെ റേഡിയോനിലയത്തിലൂടെ റഷ്യൻ ഭാഷയിൽ തെറിപ്പാട്ട് പടച്ചു സോവിയറ്റ് ജനതക്ക് വേണ്ടി പ്രക്ഷേപണം ചെയ്തത് ഏതൊരു സാംസ്കാരിക സദാചാരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്നും തിരക്കേണ്ടതുണ്ട്.

## ചെറുത്തുനിൽപ്പിന്റെ തത്വശാസ്ത്രം

പ്രശ്നങ്ങളും പ്രതിസന്ധികളും തിരിച്ചടികളും താൽകാലിക തകർച്ചകളും തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ പുതിയതല്ല. 1852 ൽ പിരിച്ചുവിടേണ്ടി വന്ന കമ്യൂണിസ്റ്റ് ലീഗ് മുതൽ സാർവദേശീയ തൊഴിലാളി പ്രസ്ഥാനം വരെ പ്രതിസന്ധികളുണ്ടായപ്പോൾ പകച്ചു നിന്ന ചരിത്രമല്ല, അവയെ അതിജീവിച്ച് മുന്നോട്ടുപോയ അനുഭവമാണ് നമുക്ക് മുന്നിലുള്ളത്. എന്നാൽ സമീപ കാലത്തുണ്ടായ തകർ

ച്ചയും മുന്നുകാലത്തുണ്ടായ തകർച്ചയും തമ്മിലുള്ള മൗലികമായ വ്യത്യാസം കുറച്ചു കാണുന്നത് ശരിയാവില്ല. പഴയകാല തിരിച്ചടികളുടെ പരിസരം പ്രധാനമായും അധികാരം പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രശ്നങ്ങളുടേതായിരുന്നു. എന്നാൽ ഇന്നത്തെ തൊഴിലാളി പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തകർച്ച സംഭവിച്ചിട്ടുള്ളത് കമ്യൂണിസ്റ്റ് പാർടികൾ ദീർഘകാലമായി ഭരണം കയ്യാളിയ കേന്ദ്രങ്ങളിലാണ്. അതെന്തു കൊണ്ട് എന്ന ചോദ്യം അനിവാര്യമായും നമ്മെ നയിക്കുന്നത് 'രാഷ്ട്രീയവും' സംസ്കാരികവുമായ അന്വേഷണത്തിലേക്കാണ്. മുൻകാലത്ത് ആയുധമേന്തിയ ശത്രുവർഗത്തോടാണ് തൊഴിലാളി പ്രസ്ഥാനം പൊരുതി ജയിച്ചത്. ഇന്നാകട്ടെ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും കമ്യൂണിസ്റ്റ് പാർടിക്കകത്തും നുഴഞ്ഞ് കയറിയിട്ടുള്ള ശത്രുവർഗ ആശയങ്ങളോടും സമീപനത്തോടുമാണ് മുഖ്യമായും സമരം നടത്തേണ്ടത്. സാമൂഹ്യബോധത്തെ സ്തംഭിപ്പിക്കുന്ന സാമാന്യബോധത്തിനെതിരെ സ്വയം നവീകരണത്തിൻെറ വഴി വികസിപ്പിക്കാതെ ഇനി മുതൽ തൊഴിലാളി പ്രസ്ഥാനത്തിന് മുന്നോട്ട് പോകാൻ കഴിയില്ല. ലോകത്തിലെങ്ങുമുള്ള പിന്തിരിപ്പന്മാരെ പുളകം കൊള്ളിച്ച 1871 ലെ പാരീസ് കമ്യൂണിൻെറ പതനം മാർക്സിസത്തെ സംബന്ധിച്ചിടത്തോളം ഭരണകൂടത്തെ സംബന്ധിച്ച ഒരു മൗലിക രാഷ്ട്രീയപാഠമായി മാറുകയും പിന്നീടുള്ള രാഷ്ട്രീയ മുന്നേറ്റങ്ങൾക്കുള്ള മാർഗ ദർശനമായി അത് വളരുകയും ചെയ്തിട്ടുണ്ട്. അതുപോലെ സമീപകാല സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും തിരിച്ചടികൾ മാർക്സിസത്തെ സമ്പന്നമാക്കുകയും പുതിയ മുന്നേറ്റങ്ങൾക് ഊർജ്ജം പകരുകയും ചെയ്യാതെ വയ്യ. ആത്മബോധമുള്ള ഒരു ജനതക്കും അനീതിയെ ആശ്ലേഷിക്കാനാവില്ല എന്നതിൽ തന്നെയാണ് നീതിക്കുവേണ്ടിയുള്ള പ്രക്ഷോഭം മുന്നോട്ട് പോകും എന്നതിൻെറ ഉറപ്പ് സ്ഥിതി ചെയ്യുന്നത്.

9392

സാമ്രാജ്യത്വത്തിന്റെ വികസിച്ച മാധ്യമ പ്രയോഗത്തിന്റെയും സാംസ്കാരിക മാർദ്ദനത്തിന്റെയും പശ്ചാത്തലത്തിൽ വിമോചനത്തിന്റെ തത്വശാസ്ത്രം കൂടുതൽ ആയുധമണിയുകയും പ്രതിരോധ ശേഷി സ്വന്തമാക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാ യാന്ത്രികതകളെയും അയഥാർഥ സങ്കൽപങ്ങളെയും ഇതിനായി ബോധപൂർവം നിരാകരിക്കേണ്ടതുണ്ട്.

പുരോഗമന കലാസാഹിത്യസംഘം കോഴിക്കോട് ജില്ലാ കമ്മറ്റി തയ്യാറാക്കിയ ഈ ലഘുലേഖയെക്കുറിച്ചുള്ള നിങ്ങളുടെ നിർദേശങ്ങളും വിമർശനങ്ങളും ചർച്ചക്ക് വിധേയമാക്കാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. സംഘത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ സജീവമായ സാന്നിധ്യവും സഹകരണവും ഞങ്ങൾ അഭ്യർഥിക്കുന്നു.

അഭിവാദ്യങ്ങളോടെ,

**കെ. ഇ. എൻ.**

**സെക്രട്ടറി, സാഹിത്യസംഘം**

**പെരുമണ്ണ, കോഴിക്കോട്.**

---


**അച്ചടി ദേശാഭിമാനി പ്രസ്സ് കോഴിക്കോട്**

# സാംസ്കാരികരാഷ്ട്രീയവും ആധുനികലോകവും

"ലോകം മുഴുവനും നിർമിക്കുന്നവരെങ്കിലും,
ലോകത്തിൻെറ കേന്ദ്രത്തിൽ നിൽകാൻ
ഇടംകിട്ടാത്തവർക്, ജീവിതത്തിൻെറ
പുറമ്പോക്കുകളിലേക്ക് പിഴുതെറിയപ്പെട്ടവർക് ഒരു
മേൽവിലാസമുണ്ടാക്കിക്കൊടുത്തത്
മാർക്സിസമാണ്. ഒരു നിലവിളിയോടെയല്ല,
തൊഴിലാളിയെ അടിമയാക്കി നിലനിർത്തിയ
മുതലാളിത്തത്തിൻെറ മുഖത്തടിക്കുന്ന
ഉഗ്രഗർജനത്തോടെയാണ് മാർക്സിസം
പിറന്നുവീണത്. മററനവധി തത്വചിന്തകൾ
പാഠപുസ്തകങ്ങളിലും ഗ്രന്ഥപ്പുരകളിലും
അക്കാദമിക് ലോകത്തിലും ഒതുങ്ങിക്കഴിയുമ്പോൾ
മാർക്സിസം മാത്രം തീവ്രമായ എതിർപ്പിനും
അംഗീകാരത്തിനും വിധേയമാകുന്നത് അത്
ജീവിക്കുന്ന തത്വശാസ്ത്രമായതുകൊണ്ടാണ്.
പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിച്ച
ഘട്ടങ്ങളിലൊക്കെ ശാസ്ത്രത്തിന് സഹജമായ
ധീരതയോടെ അത് സമൂർത്തപഠനങ്ങൾകും
വിശകലനങ്ങൾകും നേതൃത്വം നൽകിയിട്ടുണ്ട്.
വിജയത്തിൽനിന്ന് മാത്രമല്ല പരാജയത്തിൽനിന്നും
ഊർജം സ്വീകരിക്കാൻ കഴിയുന്ന പ്രത്യയശാസ്ത്രമാണ്
മാർക്സിസം."

---

പുരോഗമന കലാസാഹിത്യസംഘം
കോഴിക്കോട്



# സാംസ്കാരിക രാഷ്ട്രീയവും ആധുനിക ലോകവും

335

Indic Digital Archive Foundation
gpura.org